ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM

പ്രധാനവാർത്തകൾ

DATE: 24.08.2025

1. സ്പീക്കർമാരുടെ രണ്ടുദിവസത്തെ ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും.

2. കോഴിക്കോട് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

3. മത്സ്യക്കൃഷിയുടെ സാധ്യതകൾ പഠിക്കുന്നതിന് കേന്ദ്ര ഫിഷറീസ് സംഘം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലകൾ സന്ദർശിച്ചു.

4. അന്ത്യോദയ അന്ന യോജന കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മറ്റന്നാൾ.

5. രാഹുൽ മാംകൂട്ടത്തിൽ MLA യ്ക്കെതിരെ കേസെടുത്ത് വനിതാ കമ്മിഷൻ; രാജിയ്ക്കായി സമ്മർദ്ദം ശക്തം.

6. കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ; യു എസ് ഓപ്പൺ ടെന്നീസ് ടൂർണമെന്റിന് ഇന്ന് തുടക്കം.

**********************************************************

RNU TVPM

## സ്പീക്കർ - ദേശീയ സമ്മേളനം

ജനാധിപത്യ സംവിധാനത്തിൽ വിത്തൽ ഭായി പട്ടേലിന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഡൽഹി നിയമസഭയിൽ സ്പീക്കർമാരുടെ ദ്വിദിന ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ആദ്യ സ്പീക്കറായി വിത്തൽഭായ് പട്ടേൽ സ്ഥാനമേറ്റതിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. 29 സംസ്ഥാന നിയമസഭകളുടെ സ്പീക്കർമാരും ആറ് സംസ്ഥാനങ്ങളിലെ നിയമസഭാ കൗൺസിൽ ചെയർമാൻമാരും വൈസ് ചെയർമാൻമാരും സമ്മേളനത്തിൽ പങ്കെടുക്കും.

*****************************

## ഫിജി പ്രധാനമന്ത്രി

ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബൂക്ക മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. രാവിലെ ഡൽഹിയിലെത്തിയ റബൂക്കയെ കേന്ദ്ര സഹമന്ത്രി സുകാന്ത മജുംദാർ സ്വീകരിച്ചു. പത്നി സുലേറ്റി റബൂക്കയും, ഫിജി ആരോഗ്യ മന്ത്രിയും അദ്ദേഹത്തോടൊപ്പമുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി അദ്ദേഹം നാളെ കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവിനേയും അദ്ദേഹം സന്ദർശിക്കും.

RNUTVPM

*****************************

## ഗഗൻയാത്രി - ആദരിച്ചു

ബഹിരാകാശ യാത്രക്കായി തിരഞ്ഞെടുത്ത നാല് ഇന്ത്യൻ യാത്രികരെ രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് ആദരിച്ചു. ന്യൂ ഡൽഹിയിലെ സുബ്രതോ പാർക്ക് വ്യോമസേനാ ഓഡിറ്റോറിയത്തിൽ ആയിരുന്നു പരിപാടി. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര വിജയകരമായി പൂർത്തിയാക്കിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ലക്ക് പുറമെ, വ്യോമസേനാ ടെസ്റ്റ് പൈലറ്റുമാരായ പ്രശാന്ത് ബാലകൃഷ്ണൻ നായർ, അജിത്ത് കൃഷ്ണൻ, അംഗദ് പ്രതാപ് എന്നിവരെയാണ് ആദരിച്ചത്. ശുഭാൻശു ശുക്ലയുടെ യാത്ര, വരും തലമുറകൾക്ക് പ്രചോദനം നൽകുന്നതാണെന്ന് ശ്രീ. രാജ് നാഥ് സിങ് പറഞ്ഞു.

******************************

**അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)**

സംസ്ഥാനത്ത്, അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച പശ്ചാത്തലത്തിലാണ് നടപടി.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

******************************

**ഓണക്കിറ്റ്**

അന്ത്യോദയ അന്ന യോജന കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാന ഉദ്ഘാടനം മറ്റന്നാൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ മന്ത്രി ജി ആർ അനിൽ നിർവഹിക്കും. വെളിച്ചെണ്ണ, പഞ്ചസാര അടക്കമുള്ള 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ ഓണക്കിറ്റാണ് വിതരണം ചെയ്യുന്നത്.

******************************

**ഓണച്ചന്ത**

സബ്സിഡി സാധനങ്ങളും മറ്റ് ഉൽപ്പന്നങ്ങളും ഉൾപ്രദേശങ്ങളിൽ വരെ എത്തിക്കാൻ സപ്ലൈകോ സഞ്ചരിക്കുന്ന ഓണച്ചന്തകൾ ഒരുക്കി. നാളെ മുതൽ സെപ്റ്റംബർ നാലുവരെ വിവിധ നിയോജകമണ്ഡലങ്ങളിലൂടെ ഓണച്ചന്തകൾ സഞ്ചരിക്കും.

******************************

**മാന്നാനം**

കോട്ടയം മാന്നാനം പാലത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി പി.എ.മുഹമ്മദ് റിയാസ് ഇന്ന് വൈകിട്ട് നിർവഹിക്കും. റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 24.83 കോടി രൂപ ചെലവഴിച്ചാണ് നിർമാണം.

******************************

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി

RNU TVPM

മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.
******************************

## മെമു

പാലക്കാട് ഷൊർണൂർ ജങ്ഷനെയും മലപ്പുറം നിലമ്പൂർ റോഡിനെയും ബന്ധിപ്പിച്ചുകൊണ്ട് പുതുതായി ആരംഭിച്ച പുതിയ മെമു പാസഞ്ചർ സർവീസ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിലെ ജനങ്ങൾക്കായി സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിൽ ഇന്ത്യൻ റെയിൽവേ പ്രതിജ്ഞാബദ്ധമാണ് ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു. നിലവിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കൊപ്പം പുതിയ മെമു സേവനം, പ്രാദേശിക കണക്റ്റിവിറ്റി സംവിധാനത്തെ ശക്തിപ്പെടുത്തുകയും സുരക്ഷിതവും വിശ്വസനീയവും സുഖകരവുമായ യാത്രാനുഭവം സാധ്യമാക്കുകയും ചെയ്യുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ വി. കെ. ശ്രീകണ്ഠൻ എം പി, മമ്മിക്കുട്ടി എം എൽ എ എന്നിവർ പങ്കെടുത്തു. നിലമ്പൂർ - കോട്ടയം ട്രെയിനിൽ റിസർവേഷൻ സൗകര്യവും, അധിക കോച്ചുകളും അനുവദിച്ചതിന് തൊട്ടുപിന്നാലെയാണ് എറണാകുളം - ഷൊർണൂർ മെമു ട്രെയിൻ സർവീസ് നിലമ്പൂർ വരെ നീട്ടി ഉത്തരവിറങ്ങിയത്. നിലവിൽ വൈകിട്ട് 5.40-ന് എറണാകുളം ജംക്ഷനിൽ നിന്നു പുറപ്പെടുന്ന മെമു, 10.05 ന് നിലമ്പൂർ എത്തുന്ന രീതിയിലാണ് പുതിയ സമയക്രമം.
******************************

## ആലപ്പുഴ - കേന്ദ്ര ഫിഷറീസ് സംഘം (ഇൻട്രോ)

കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി മത്സ്യക്കൃഷിയുടെ സാധ്യതകൾ പഠിക്കുന്നതിന് കേന്ദ്ര ഫിഷറീസ് വിദഗ്ദസംഘം ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലകൾ സന്ദർശിച്ചു.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ. രവി കുമാർ...**

(വോയിസ്)

******************************

**രാഹുൽ മാങ്കൂട്ടം - വനിതാ കമ്മീഷൻ**

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎക്കെതിരായ വിഷയത്തിൽ വനിതാ കമ്മിഷന്റെ ഇടപെടൽ. സ്ത്രീകൾക്കെതിരെ ഗുരുതരമായ കുറ്റകൃത്യങ്ങൾ നടന്നുവെന്ന മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ, നിയമത്തിന്റെ 17-ാം വകുപ്പ് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ കമ്മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. അതിനിടെ, എംഎൽഎയുടെ രാജിക്കായി സിപിഐ-എമ്മും ബിജെപിയടക്കമുള്ള രാഷ്ട്രീയകക്ഷികൾ സമ്മർദ്ദം ശക്തമാക്കി.

******************************

**ശാസ്ത്രോത്സവം**

നവംബർ ഏഴ് മുതൽ 10 വരെ പാലക്കാട് നടക്കുന്ന കേരള സ്കൂൾ ശാസ്ത്രോത്സവവുമായി ബന്ധപ്പെട്ട് നാളെ ശാസ്ത്രോത്സവത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം ചേരുമെന്ന് മന്ത്രി വി ശിവൻകുട്ടി. മന്ത്രിമാരായ എം ബി രാജേഷ്, കെ കൃഷ്ണൻകുട്ടി, ജില്ലയിലെ എംഎൽഎമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് മേധാവികൾ, പൊതു വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

******************************

**ഇടുക്കി - തൊമ്മൻകുത്ത് (ഇൻട്രോ)**

ഇടുക്കിയിലെത്തുന്ന സഞ്ചാരികളുടെ ഇഷ്ട ഇടങ്ങളിലൊന്നാണ് വെള്ളച്ചാട്ടങ്ങളുടെയും നിഗൂഢ ഗുഹകളുടെയും ശൃംഖല നിറഞ്ഞ തൊമ്മൻകുത്ത്. ഇവിടെയെത്തുന്നവർക്ക് അടിസ്ഥാന ആവശ്യങ്ങളും ട്രക്കിങ് സൗകര്യവും ഏർപ്പെടുത്തി വനം വകുപ്പിന് കീഴിലെ ഇക്കോ-ടൂറിസം സെന്ററിന്റെ പ്രവർത്തനവും ശ്രദ്ധേയമാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

RNUTVPM

(വോയിസ്)

******************************

## യുഎസ് ഓപ്പൺ

യുഎസ് ഓപ്പൺ ടെന്നീസിന്റെ 145-ാം പതിപ്പിന് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ, ലോക ഒന്നാം നമ്പർ താരവും നിലവിലെ ചാമ്പ്യനുമായ ഇറ്റലിയുടെ യാനിക് സിന്നർ, സ്പെയിനിന്റെ കാർലോസ് അൽകാരസ്, നാല് തവണ യുഎസ് ഓപ്പൺ ജേതാവായ നൊവാക് ജോക്കോവിച്ച്, എന്നിവർ മത്സരിക്കും. പുരുഷ സിംഗിൾസ് ആദ്യ റൗണ്ട് മത്സരങ്ങൾ രാത്രി 8.30ന് ആരംഭിക്കും. വനിതാ വിഭാഗത്തിൽ, അരിന സബലെങ്ക, ഇഗ സ്വിയാറ്റെക്, കൊക്കോ ഗൗഫ് തുടങ്ങിയവർ മത്സരംഗത്തുണ്ട്.

******************************

## കെസിഎൽ

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചക്ക് 2.30ന് നടക്കുന്ന ആദ്യ മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും. രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ഏരീസ് കൊല്ലം സൈലേഴ്സിനെ നേരിടും. വൈകുന്നേരം 6.45 ന് ആണ് മത്സരം.

******************************

## കോഴിക്കോട് മെഡിക്കൽ കോളേജ്

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഒരു ഭാഗം ഇന്ന് വൈകുന്നേരം 4 മണി മുതൽ തുറന്ന് പ്രവർത്തിക്കും. രണ്ട്, മൂന്ന്, നാല് നിലകളിലുള്ള വാർഡുകളും ന്യൂറോ സർജറി തീവ്ര പരിചരണ വിഭാഗവും ബുധനാഴ്ചയോടെ പ്രവർത്തന സജ്ജമാകും. സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ MRI റൂമിൽ പുക ഉയർന്നതിനെ തുടർന്നാണ് പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നത്.

******************************

## പാൽ - പരിശോധന

ഓണക്കാലത്ത് പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ സ്വീകരിക്കാൻ നിർദേശം

RNUTVPM

നൽകി മന്ത്രി ജെ ചിഞ്ചു റാണി. ഓണക്കാലത്ത് സാധാരണയിൽ കൂടുതൽ പാൽ അതിർത്തിയിൽ കടന്നുവരുന്ന സാഹചര്യം കണക്കിലെടുത്താണ് ക്ഷീര വികസന വകുപ്പിനോടും ഭക്ഷ്യസുരക്ഷാ വകുപ്പിനോടും സംയുക്ത പരിശോധന നടത്താൻ മന്ത്രി നിർദേശം നൽകിയത്.

******************************

**ക്ഷേമ പെൻഷൻ**

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വാർഷിക മസ്റ്ററിങ്ങിനുള്ള സമയപരിധി സെപ്തംബർ 10 വരെ നീട്ടിയതായി മന്ത്രി കെ എൻ ബാലഗോപാൽ. അക്ഷയ കേന്ദ്രങ്ങൾ വഴി സാമുഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിങ്ങ് നടത്താനാകും.

*

**************

*********************************************

RNU TVPM